jaagrathayude
**Keraleeyam**
2013 May

**Rs. 25/-**

**അപേക്ഷകൾ അയയ്ക്കാനുള്ള അവസാന തീയതി ജൂൺ 15**

# ബിജു എസ്. ബാലൻ അനുസ്മരണ കേരളീയം പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ്

**കേരളീയം** 2009 മുതൽ നൽകുന്ന ബിജു. എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മാധ്യമപ്രവർത്തകർക്കും മാധ്യമപ്രവർത്തനത്തിൽ താത്പര്യമുള്ള 35 വയസ്സിൽ താഴെ പ്രായമുള്ള യുവതീ/യുവാക്കൾക്കും അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ വർഷം ഫെല്ലോഷിപ്പിനായി നിശ്ചയിച്ച **'ഖനനവും കെട്ടിടനിർമ്മാണവും: വൈരുദ്ധ്യങ്ങൾ, സംഘർഷങ്ങൾ, സാധ്യതകൾ'** എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന റിപ്പോർട്ടിന്റെ രൂപരേഖയും പ്രവർത്തന പദ്ധതിയും അയച്ചുതരിക. ഒപ്പം നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നത്തെ/വിഷയത്തെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ടും (10 പേജിൽ കുറയാതെ) ബയോഡാറ്റ സഹിതം താഴെപ്പറയുന്ന വിലാസത്തിൽ 2012 ജൂൺ 15ന് ഉള്ളിൽ ലഭിക്കുന്ന രീതിയിൽ അയയ്ക്കുക. ഈ റിപ്പോർട്ടിന്റെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി-മാധ്യമ വിദഗ്ധർ അടങ്ങുന്ന ജൂറി തിരഞ്ഞെടുക്കുന്ന ഒരാൾക്ക് ബിജുവിന്റെ ചരമദിനമായ **2013 ജൂൺ 28ന്** തൃശൂരിൽ വച്ച് 10,002 രൂപയുടെ ഫെല്ലോഷിപ്പ് നൽകും.

**ബിജു എസ്. ബാലൻ**



ചെന്നൈ ന്യൂ ഇൻഡ്യൻ എക്സ്പ്രസിൽ വെബ് എഡിഷനിൽ സബ് എഡിറ്ററായിരുന്നു. ശാസ്ത്രസാഹിത്യ പരിഷത്ത്, കേരളീയം, ആൾട്ടർ മീഡിയ എന്നിവയുമായി സഹകരിച്ച് പ്രവർത്തിച്ചു. വിവിധ പത്രമാധ്യമങ്ങളിൽ എഴുതിയിരുന്നു. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നരവംശശാസ്ത്ര ഗവേഷക വിദ്യാർത്ഥിയായിരുന്നു. മരണാനന്തരം 'ചെന്നൈ വിശേഷവും കുറിപ്പുകളും' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരളീയത്തിന്റെ പ്രഥമ ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ് വിപി റജീനയ്ക്കാണ് 2009 ൽ ലഭിച്ചത്. 'കേരളത്തിലെ ആശുപത്രി മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ'ക്കുറിച്ചുള്ള പഠന റിപ്പോർട്ടിനാണ് മാധ്യമം ദിനപത്രത്തിന്റെ കോഴിക്കോട് യൂണിറ്റിൽ സബ് എഡിറ്ററായ റജീനയ്ക്ക് ഫെല്ലോഷിപ്പ് ലഭിച്ചത്. 2009 ജൂൺ 28ന് തൃശ്ശൂർ ജവഹർ ബാലഭവനിൽ വച്ച് നടന്ന ചടങ്ങിൽ ഏഷ്യാനെറ്റ് മുൻ ഡയറക്ടറും ചെന്നൈയിലെ മീഡിയ റിസർച്ച് ഫൗണ്ടേഷന്റെ ഡയറക്ടറുമായ ശശികുമാർ റജീനയ്ക്ക് ഫെല്ലോഷിപ്പ് നൽകി. 'പരിസ്ഥിതിയും മാധ്യമങ്ങളും' എന്ന വിഷയത്തിൽ ശശികുമാർ ബിജു എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി.

2010 ലെ ഫെല്ലോഷിപ്പിന് കെ. സന്ദീപ് അർഹനായി. 'വികസനത്തിന്റെ മറവിൽ നടക്കുന്ന കണ്ടൽകാടുകളുടെ നശീകരണത്തെ'ക്കുറിച്ചുള്ള പഠന റിപ്പോർട്ടിനാണ് ജനയുഗം പത്രത്തിലെ സബ് എഡിറ്ററായിരുന്ന കെ. സന്ദീപിന് ഫെല്ലോഷിപ്പ് നൽകിയത്. 2010 ജൂൺ 28ന് തൃശ്ശൂർ ജവഹർ ബാലഭവനിൽ വച്ച് നടന്ന ചടങ്ങിൽ പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ ജോഷി ജോസഫ് സന്ദീപിന് ഫെലോഷിപ്പ് തുക കൈമാറി. 'ഭൂമിയും വികസനം സൃഷ്ടിക്കുന്ന ആഘാതങ്ങളും' എന്ന വിഷയത്തിൽ ജോഷി ജോസഫ് ബിജു എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി.

2011 ലെ ഫെല്ലോഷിപ്പ് കെ.പി. റഷീദിനാണ് ലഭിച്ചത്. 'കുടിയൊഴിപ്പിക്കലിന്റെ രാഷ്ട്രീയം: പരിസ്ഥിതിക്കും മനുഷ്യർക്കും വേണ്ടി ഒരന്വേഷണം' എന്ന വിഷയത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിനാണ് മാധ്യമം ദിനപത്രത്തിന്റെ തൃശൂർ യൂണിറ്റിൽ സബ് എഡിറ്ററായിരുന്ന റഷീദിന് ഫെല്ലേഷിപ്പ് ലഭിച്ചത്. 2011 ജൂൺ 28ന് തൃശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ പ്രശസ്ത പരിസ്ഥിതി സംരക്ഷണ പ്രവർത്തകൻ പാണ്ഡുരംഗ ഹെഗ്ഡെ ഫെല്ലോഷിപ്പ് തുക റഷീദിന് കൈമാറി. അടിസ്ഥാനതല പരിസ്ഥിതി പ്രവർത്തനം നേരിടുന്ന വെല്ലുവിളികൾ, പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ പാണ്ഡുരംഗ ഹെഗ്ഡെ അനുസ്മരണ പ്രഭാഷണം നടത്തി.

2012 ഫെല്ലോഷിപ്പ് കെ. സുരേഷിനാണ് ലഭിച്ചത്. 'പ്ലാന്റേഷൻ കോർപ്പറേഷനും വനനശീകരണവും വനഭൂമിയുടെ അസ്വാഭാവിക വിതരണവും വിനിയോഗവും തദ്ദേശീയ ജനതയെ പാരിസ്ഥിതിക അഭയാർഥികളാക്കിയതിന്റെ ചരിത്രം: കാസർകോടിനെ ആ.സ്പദമാക്കി ഒരു പഠനം' എന്ന വിഷയത്തെക്കുറച്ചുള്ള പഠന റിപ്പോർട്ടിനാണ് മാതൃഭൂമി ദിനപത്രത്തിന്റെ കോഴിക്കോട് യൂണിറ്റിൽ സബ് എഡിറ്ററായ സുരേഷിന് ഫെലോഷിപ്പ് നൽകിയത്. 2012 ജൂൺ 28ന് തൃശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ ബംഗാളി നാടകപ്രവർത്തകനും ആക്ടിവിസ്റ്റുമായ **പർണാബ് മുഖർജി** ഫെല്ലോഷിപ്പ് തുക സുരേഷിന് കൈമാറി. **'വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സ്വാതന്ത്ര്യ സമരങ്ങളും ഭരണകൂട ഭീകരതയും'** എന്ന വിഷയത്തിൽ പർണാബ് മുഖർജി 4-ാമത് ബിജു. എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 21. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com